LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് മത്സ്യ കയറ്റുമതിക്കാരിൽ നിന്നും അംശാദായം ഈടാക്കുന്ന നടപടി

*17 [47] ശ്രീ. ടി. പി. രാമകൃഷ്ണൻ :

,, വി. കെ. സി. മമ്മത്കോയ :

,, കെ. പി. സതീശ്ചന്ദ്രൻ :

,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് മത്സ്യകയറ്റുമതിക്കാരിൽനിന്നും അംശാദായം ഈടാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) കയറ്റുമതിക്കാരിൽനിന്ന് എത്ര ശതമാനം അംശാദായം ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) അംശാദായം സംബന്ധിച്ച് സുപ്രീം കോടതിയിൽ ഉണ്ടായ കേസ് തൊഴിലാളികൾക്ക് അനുകൂലമായി നടത്തുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ വീഴ്ചകൾ എന്തെല്ലാമായിരുന്നു;

(ഇ) അംശാദായം കിട്ടാതായതിനെതുടർന്ന് ക്ഷേമനിധിയിൽ നിന്നും ഉള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നിഷേധിക്കപ്പെടുകയാണെന്ന് സർക്കാരിനറിയാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ല.

(ഡി) വീഴ്ചകളൊന്നുമില്ല. മുൻസർക്കാരിന്റെ കാലത്താണ് കേസിന്റെ വാദം നടന്നത്. ഈ സർക്കാർ വന്നപ്പോൾ വിധി വന്നു എന്നേയുള്ളു.

(ഇ) അംശാദായത്തിൽവന്ന കുറവിനെ തുടർന്ന് ആനുകൂല്യങ്ങൾ ഒന്നും നിഷേധിക്കപ്പെട്ടിട്ടില്ല. വിഹിതത്തിൽ വന്ന കുറവ് കണക്കിലെടുത്ത് കഴിഞ്ഞ വർഷം ബോർഡിന്റെ ബഡ്ജറ്റ് വിഹിതമായി സാധാരണ അനുവദിക.ാറുള്ള മുന്നൂറ് ലക്ഷം രൂപക്കുപുറമെ ഇരുന്നൂറ് ലക്ഷം രൂപ കൂടി അധികം അനുവദിച്ചിട്ടുണ്ട്.